**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.294 25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഫ്ലൂറോസിസിന്റെ അമിതമായ സാന്നിദ്ധ്യം**

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഫ്ലൂറോസിസിന്റെ അമിതമായ സാന്നിദ്ധ്യം നിമിത്തം ആരോഗ്യ പ്രശ്നം ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിലെ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ കുടിവെള്ളത്തിൽ ഫ്ലൂറൈഡിന്റെ സാന്നിദ്ധ്യം കൂടുതലായതുകൊണ്ട് പല്ലുകളെ ബാധിക്കുന്ന ഡെന്റൽ ഫ്ലൂറോസിസ് എന്ന അസുഖം കാണുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ചുള്ള പഠനത്തോടൊപ്പം ഇതു പരിഹരിക്കുവാൻ ദേശീയ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ സേവനം ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്രസർക്കാരിന്റെ ദേശീയ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഫ്ലൂറോസീസ് (എൻ.പി.പി.സി.എഫ്) ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | അരൂർ മണ്ഡലത്തിലെ അറഫ ചാരിറ്റബിൾ ട്രസ്റ്റ് ഈ നിലയിലുള്ള പ്രവർത്തനത്തിന് തങ്ങളെ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മറ്റ് സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലെങ്കിൽ നിസ്വാർത്ഥമായും സേവന തല്പരതയോടെയും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഈ നിലയിലുള്ള പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത് സഹായിക്കുമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ